# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3051

15/12/2015 ൽ
മറുപടിയ്ക്ക്

## കൈവശകൃഷിക്കാർക്ക് പട്ടയം

ചോദ്യം
ശ്രീ.രാജു എബ്രഹാം

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) പത്തനംതിട്ട ജില്ലയിൽ 1.1.1977 -ന് മുമ്പുള്ളതും സംയുക്ത പരിശോധന പൂർത്തിയാക്കിയതുമായ ഏതൊക്കെ പ്രദേശങ്ങളിലെ കൈവശകൃഷിക്കാർക്കാണ് ഇനി പട്ടയം നൽകാനുള്ളത്; ഇവിടങ്ങളിൽ പട്ടയം നൽകുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്;

(എ) പത്തനംതിട്ട ജില്ലയിൽ റാന്നി ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ വരുന്ന ഫോറസ്റ്റ് റേഞ്ചുകളായ റാന്നി, വടശ്ശേരിക്കര ഗൂഡിക്കൽ റേഞ്ചുകളിൽപ്പെട്ട റാന്നി താലൂക്കിലെ വടശ്ശേരിക്കര, പെരുനാട്, അത്തിക്കയം, കൊല്ലമുള്ള എന്നീ വില്ലേജുകളിലെ പ്രദേശങ്ങളിൽ റവന്യൂ-വനം വകുപ്പിന്റെ സംയുക്ത പരിശോധന കഴിഞ്ഞിട്ടുണ്ട്. ഇതിൽ വടശ്ശേരിക്കര വില്ലേജിലെ ഒളികല്ല്, പെരിനാട് വില്ലേജിലെ അട്ടത്തോട്, കൊല്ലമുള്ള വില്ലേജിലെ അരയാഞ്ഞിലിമണ്ണ്, നാറാണംതോട്, മണക്കയം എന്നീ പ്രദേശങ്ങളും അത്തിക്കയം വില്ലേജിലെ കടമുരുട്ടി, ചണ്ണ തുടങ്ങിയ പ്രദേശങ്ങളും ഉൾപ്പെട്ടുവരുന്നു. മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വലിയകാവ് റിസർവ് വനഭൂമിയുടെ ഭാഗമായിരുന്ന 111.17.75(H) ഭൂമിയിൽ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും 01.01.1977 ന് മുമ്പ് വനഭൂമി കൈയ്യേറിയവർക്ക് പട്ടയം അനുവദിക്കുന്നതിന്റെ ഭാഗമായി കൈവശ രേഖ നൽകിയിട്ടുള്ളതുമാണ്. കോന്നി ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ കോന്നി താലൂക്കിൽ ഉൾപ്പെട്ട തണ്ണിത്തോട്, ചിറ്റാർ, സീതത്തോട്, കലഞ്ഞൂർ വില്ലേജുകളിലെ കൈവശ കൃഷിക്കാർക്ക് പട്ടയം നൽകാനുണ്ട്.

സംയുക്ത പരിശോധന കഴിഞ്ഞ പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള കേന്ദ്രാനുമതിയ്ക്കായി പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

| ചോദ്യം | ഉത്തരം |
| --- | --- |
| (ബി) റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പെരുമ്പെട്ടി, അറയാഞ്ഞിലിമൺ, ചൂരക്കുഴി, മടന്തമൺ, തെക്കേതൊട്ടി, ഇടമുറി, തോമ്പിക്കണ്ടം, പമ്പാവാലി തുടങ്ങിയ സ്ഥലങ്ങളിൽ ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾക്കാണ് ഇനിയും പട്ടയം നൽകാനുള്ളത്; ഓരോ പ്രദേശത്തും പട്ടയം നൽകുന്നതിനായി ഇതേവരെ എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനിയും ഇവിടെ പട്ടയം നൽകാൻ എന്തൊക്കെ നടപടികൾ പൂർത്തീകരിയ്ക്കാനുണ്ട്; ഇതിനായി എത്ര സമയം വേണ്ടി വരുമെന്ന് അറിയ്ക്കുമോ; ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകും മുൻപ് പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് പട്ടയവിതരണം സാദ്ധ്യമാകുമോ എന്ന് വ്യക്തമാക്കുമോ? | (ബി) റാന്നി മണ്ഡലത്തിൽ ഉൾപ്പെട്ടു വരുന്ന പെരുമ്പെട്ടി, മല്ലപ്പള്ളി താലൂക്കിലാണ്. പെരുമ്പെട്ടി വില്ലേജിൽ വലിയകാവ് റിസർവ് വനഭൂമിയിൽ ജണ്ടയ്ക്ക് പുറത്തു വരുന്ന വനഭൂമി അനധികൃതമായി കുടിയേറ്റക്കാർ കൈയ്യേറി വീട് വച്ചു താമസിച്ചു വരുന്നതുമാണ്. 01.01.1977 ന് മുമ്പ് അനധികൃതമായി കൈയ്യേറി വീട് വച്ചു താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിന്റെ ഭാഗമായി റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തുകയും കയ്യേറിയ 414 പേരിൽ 401 പേർക്ക് കൈവശരേഖ അനുവദിച്ചിട്ടുള്ളതുമാണ്. റാന്നി താലൂക്കിലെ പഴവങ്ങാടി വില്ലേജിലെ ചൂരക്കുഴി പ്രദേശത്തെ ആകെയുള്ള 224 കൈവശങ്ങളിൽ 2015 സെപ്റ്റംബറിൽ നടന്ന പട്ടയമേളയിൽ 174 പട്ടയം വിതരണം ചെയ്തു. ബാക്കി നൽകാനുള്ള പട്ടയം ഉടൻ നൽകുന്നതാണ്. കൊല്ലമുള്ള വില്ലേജിലെ പമ്പാവാലി പ്രദേശത്തെ പട്ടയം ലഭിയ്ക്കാനുണ്ടായിരുന്ന 290 കൈവശങ്ങളിൽ 207 കൈവശക്കാർക്ക് 2015 സെപ്റ്റംബറിൽ നടത്തിയ പട്ടയമേളയിൽ പട്ടയം വിതരണം ചെയ്തു. ബാക്കി വിതരണം ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br><br>അത്തിക്കയം വില്ലേജിലെ മടന്തമൺ 46 ഏക്കറിലെ നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അരയാഞ്ഞിലിമണ്ണ്, തെക്കേതൊടി, ഇടമുറി, തോമ്പിക്കണ്ടം എന്നീ പ്രദേശത്ത് പട്ടയം ലഭിയ്ക്കാനുള്ള കൈവശങ്ങൾ തിട്ടപ്പെടുത്തിയിട്ടില്ല. ടി സ്ഥലങ്ങൾ സർവ്വെ ചെയ്ത് തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ